കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.2/189 /2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
ഫോൺ-0471-2331231
ഇ-മെയിൽ- lfadtvm@yahoo.in
തീയതി: 25.4.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് **(**സെക്രട്ടറി മുഖേന **)**

കൊല്ലയിൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൊല്ലയിൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**2/189/2019** തീയതി **: 25.4.2019**

## <u>തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 13.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(**എ**)** <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : ശ്രീ സാജൻലാൽ എസ്.ജെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : 14.01.2019മുതൽ 21.01.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : ശ്രീമതി.ലതകുമാരി എം,<br>ഓഡിറ്റ് ഓഫീസർ<br><br>ശ്രീ. രാജേഷ് എം.ജി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീമതി.ബിന്ദുലത ബി.പി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീ. പ്രകാശ് കൃഷ്ണൻ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br><br>ശ്രീ. രാജു എസ്., ഓഡിറ്റർ |

**(**ബി**)** <u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി വൈ. ലേഖ,<br>01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. സി. ബാബു,<br>01.04.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി രമ്യ എം. | 01.04.2017 മുതൽ<br>07.10.2017 വരെ |
| | ശ്രീമതി സിന്ധു. വി.ജെ | 08.10.2017 മുതൽ<br>31.03.2018 വരെ |
| എച്ച്.എം | ശ്രീമതി വസന്തകുമാരി എൻ.എസ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. അനുരാധ എ | 01.04.2017 മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. പ്രദീപ് എസ്.വി | 01.04.2017 മുതൽ 03.07.2017 വരെ |
| | ഡോ. സുനിൽ വിൽസൺ | 04.07.2017 മുതൽ 07.10.2017 വരെ |
| | ഡോ.സുനിതഎസ്.എസ് | 08.10.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ഉഷാ കുമാരി ബി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (എ സർക്കിൾ) | ശ്രീമതി സെലിൻ മേരി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (ബി സർക്കിൾ) | ശ്രീമതി സെലീന കെ.എം. | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ഡി മലർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സുസ്മിത | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീമതി എൽ. ലത | 01.04.2017 മുതൽ 26.04.2017 വരെ |
| | ശ്രീമതി ജൂലി ലോറൻസ് | 27.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| **ഭാഗം - 1** | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| **ഭാഗം - 2** | | | |
| 13 | ബജറ്റ് രൂപീകരണം - നടപടികൾ പാലിച്ചിട്ടില്ല. | 2-1 | |

| | | | |
|---|---|---|---|
| 14 | കെട്ടിട നിർമ്മാണ പെർമിറ്റ് - നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല | 2-2 | |
| 15 | കെട്ടിട നിർമ്മാണ പെർമിറ്റ് – നിയമാനുസൃതമായ അപേക്ഷകൾ സ്വീകരിക്കണം. | 2-3 | |
| 16 | കരാർ സ്ഥാപിക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല | 2-4 | |
| 17 | ഇ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-5 | |
| 18 | വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 2-6 | |
| ഭാഗം-**3** | | | |
| 19 | മുൻ പദ്ധതി പ്രകാരം വാങ്ങി സ്ഥാപിച്ച ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമല്ല | 3-1 | |
| 20 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ | 3-2 | |
| 21 | ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ | 3-3 | |
| 22 | ടെണ്ടർ സേവിംഗ്സ് | 3-4 | |
| 23 | ടെണ്ടർ കിഴിവ് കുറയ്ക്കാതെ ബിൽ തുക അനുവദിച്ചു. | 3-5 | |
| 24 | പ്രവൃത്തി ബില്ലുകളിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ് | 3-6 | |
| 25 | ടാർ ചെയ്ത വിസ്തീർണ്ണത്തിലും അധികമായി WMM ചെയ്തു. അധികചെലവ് | 3-7 | |
| 26 | ലൈഫ് മിഷൻ പ്രവർത്തനങ്ങൾ-മാർഗ്ഗ രേഖ മാനദണ്ഡങ്ങൾ പാലിക്കപെട്ടിട്ടില്ല. | 3-8 | |
| 27 | പദ്ധതി രൂപീകരണത്തിലെ അപാകതകൾ | 3-9 | |
| 28 | പൂർത്തീകരണപത്രം തയ്യാറാക്കിയിട്ടില്ല | 3-10 | |
| 29 | യോഗപരിശീലനത്തിന് 14000/-രൂപ അധികമായി നൽകി | 3-11 | |
| 30 | മുൻവർഷത്തെ പദ്ധതിയിലേതുൾപ്പെടെയുള്ള ആനുകൂല്യ വിതരണം പൂർത്തീകരിച്ചിട്ടില്ല. സൈക്കിളുകൾ ഉപയോഗശൂന്യമാകുന്നു. | 3-12 | |
| 31 | പഠനമുറി നിർമ്മാണം – ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | 3-13 | |
| 32 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം. | 3-14 | |
| <u>ഭാഗം - **4**</u> | | | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 34 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |

| | | | |
|---|---|---|---|
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 38 | ഓഡിറ്റ് റിക്കവറി | 4-6 | |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 40 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 30.03.2017 തീയതിയിലെ I(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 24,80,14,894/- രൂപ വരവും 23,60,31,900/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 7,11,32,268/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 6,40,89,741/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 18.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.2018 മുതൽ 19.06.2018 വരെ | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.2 /1476 /2018 തീയതി 30.08.2018 |

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | : | 6804082.00 |
| വരവ് | : | 64328186.00 |
| ആകെ | : | 71132268.00 |
| ചെലവ് | : | 64089741.00 |
| നീക്കിയിരിപ്പ് | : | 7042527.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15359370 | 15359370 | 15359370 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5722540 | 5722540 | 5722540 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1935629 | 1935629 | 1935629 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3626469 | 3626469 | 3626469 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7756106 | 7756106 | 7756106 | 0 |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 1229937 | 1229937 | 1229937 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 5654 | 1706652 | 1712306 | 1710349 | 1957 |
| ബി ഫണ്ട് | 0 | 507240 | 507240 | 507240 | 0 |
| എസ്.ബി.റ്റി. WGDP | 1740 | 1629 | 3369 | 2099 | 1270 |
| എസ്.ബി.ഐ. ഇ പേയ്മെന്റ് | 0 | 6830 | 6830 | 0 | 6830 |
| റ്റി.എസ്.ബി. | 2884360 | 8979000 | 11863360 | 12680441 | -817081 |
| ക്യാഷ് | 54086 | 244659 | 298745 | 54086 | 244659 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 3974340 | 7 | 2386360 | - | - | 100 |
| 2 | ഐ.സി.ഡി.എസ്. | 12 | 5541200 | 11 | 4846942 | 1 | - | 92 |
| 3- | എ.ഇ. | 82 | 23757565 | 45 | 13881486 | 12 | 25 | 55 |
| 4 | വി.ഇ.ഒ. | 16 | 9166500 | 2 | 4741000 | 6 | 8 | 13 |
| 5 | വെറ്ററിനറി സർജൻ | 3 | 1250000 | 2 | 1100000 | 1 | - | 67 |
| 6 | സെക്രട്ടറി | 25 | 10309336 | 16 | 7256353 | 4 | 5 | 64 |
| 7 | എം.ഒ. പി.എച്ച്.സി. | 11 | 2557600 | 10 | 2521507 | 1 | - | 91 |
| 8 | എം.ഒ. ഹോമിയോ | 1 | 75000 | 1 | 75000 | - | - | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | എച്ച്.എം. | 10 | 3495000 | 9 | 1494464 | - | 1 | 90 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 3025000 | 2 | 3025000 | - | - | 100 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 3226000 | 6 | 554423 | - | 1 | 86 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5654 | 1706652 | 1712306 | 1710349 | 1957 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 45846757 | 45846757 | 45846757 | 0 |
| ആകെ | 5654 | 47553409 | 47559063 | 47557106 | 1957 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 267240 | 478 |
| കർഷക തൊഴിലാളി പെൻഷൻ | 10419600 | 891 |
| വിധവാപെൻഷൻ | 13182200 | 1101 |
| വാർദ്ധക്യകാല പെൻഷൻ | 23829800 | 1919 |
| വികലാംഗ പെൻഷൻ | 4611000 | 407 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 8 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 213500 | 25 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2019 ഉച്ചക്ക് 12.30മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,899/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

എ) പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ

പുറപ്പെടുവിച്ചിട്ടുണ്ട് (.സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ

പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു

| ക്രമ നം | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഓഫീസ് മീറ്റിംഗ് കൂടുന്നുണ്ട്. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | ഇല്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട് |
| ഫ്രണ്ട് ഓഫീസ് | | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട് |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | ആകെ വരവ് 137248 രൂപ |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അന്നേദിവസമോ, തൊട്ടടുത്ത ദിവസമോ സെക്ഷനുകൾക്ക് നൽകാറുണ്ട്. പി.ആർ യഥാവിധി പരിപാലിക്കുന്നില്ല |

| | | |
|---|---|---|
| | | |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഐ.എസ്.ഒ. യുടെ ഭാഗമായി ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട് |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നില്ല. |
| 15 | കേ.പ.രാ. (ഭേദഗതി) നിയമം 1999 അധ്യായം 25 സി, വകുപ്പ് 272 എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശരേഖ പുറപ്പെടുവിക്കണം.<br>പൗരാവകാശരേഖ എല്ലാ വീട്ടുകളിലും നൽകണം. അതനിസരിച്ചുള്ള സേവനം നൽകണം. | പൗരാവകാശരേഖ ഗ്രാമസഭ മുഖാന്തിരം നൽകിയിട്ടുണ്ട്. |

കാര്യാലയത്തിന്റെ പ്രവർത്തനങ്ങളും, പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളും മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഈ വിഷയത്തിൽ ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ബി) <u>ആസ്തി രജിസ്റ്റർ പൂർണ്ണമാക്കിയിട്ടില്ല</u> -

ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. 2017-18ൽ സൃഷ്ടിക്കപ്പെട്ട വിവിധ ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

സി) നിശ്ചിത മാതൃകയിലല്ലാതെ സമർപ്പിക്കപ്പെട്ട കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകളിന്മേൽ പെർമിറ്റ് അനുവദിച്ചു. കൂടാതെ പട്ടിക 1 പ്രകാരമുള്ള നിശ്ചിത ഫീസ് ഈടാക്കാതെയും പെർമിറ്റ് അനുവദിച്ചു.

ഡി) വി.ഇ.ഒ. നിർവഹണാധികാരിയായ 16 പദ്ധതികളിൽ 8എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റ് യഥാസമയം ലഭ്യമായില്ലായെന്നാണ് ആയതിന് വി.ഇ.ഒ. നൽകിയ വിശദീകരണം. ഗുണഭോക്തൃലിസ്റ്റ് നിർവഹണാധികാരിക്ക് കൈമാറിയതുമായി ബന്ധപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്ത് പരിശോധനക്ക് ലഭ്യമാക്കിയില്ല. പദ്ധതി നിർവഹണത്തിന് അനുയോജ്യമായ സാഹചര്യങ്ങളും സഹായങ്ങളും നിർവഹണാധികാരികൾക്ക് ലഭ്യമാക്കേണ്ടത് തദ്ദേശ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്.

ഇ) <u>മാലിന്യനിർമ്മാർജ്ജനത്തിന് ഫലപ്രദമായ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിലവിലില്ല</u>.

എം.ആർ.എഫ്. ഷെഡ് നിർമ്മാണത്തിന് സ്ഥലം വാങ്ങിയെങ്കിലും ആയത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

എഫ്) 2017-18 ൽ 190 സ്ഥാപനങ്ങൾക്കാണ് തദ്ദേശ സ്ഥാപനം ഡി &ഒ ലൈസൻസ് അനുവദിച്ചത്. ഇത് മുൻവർഷത്തെ അപേക്ഷിച്ച് കുറവാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ഡി &ഒ ലൈസൻസ് ഉണ്ട് എന്ന് ഉറപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8.11.2018 മുതൽ 9.11.2018 വരെ | 1.10.2018 മുതൽ 31.10.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.04.2015 മുതൽ 15.05.2015 വരെ | 2010-11 മുതൽ 2014-15 വരെ | 8.7.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകങ്ങൾ കെ.എസ്.എ. റ്റി.വി.എം/ജി.പി.2/1476/2018 തീയതി 30.08.2018 റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക ആർ.പി.-31 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 35,21,950/- രൂപയാണ് വരവുള്ളത്. എന്നാൽ സുലേഖാ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് വിഹിതമിനത്തിൽ 32,28,900/-രൂപയാണ് പ്രോജക്ടുകളുടെ അടങ്കൽ തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. ബ്ലോക്ക് ഷെയർ ഇനത്തിലുള്ള വ്യത്യാസം ക്രമപ്പെടുത്തി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2017-18 ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ പരിശോധിച്ചത് പ്രകാരം ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ താഴെ പറയും പ്രകാരം നടപടികൾ പാലിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം | ഇനം | പാലിക്കേണ്ട നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ശുപാർശകൾ ചർച്ച ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | രേഖകൾ ലഭ്യമായില്ല |
| 5 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 28.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 30.03.2017 |

*ബജറ്റ് രൂപീകരണം.*

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളോടും നിർവ്വഹണ ഉദ്യോഗസ്ഥരോടും ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സെക്രട്ടറി ആവശ്യപ്പെട്ടതായോ, നിർവഹണാധികാരികൾ ബജറ്റ് ശുപാർശകൾ സമർപ്പിച്ചതിനോ ഉള്ള രേഖകളും ഫയലുകളും പരിശോധനക്ക് ലഭ്യമായില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് വകയിരുത്തലുകൾ സംബന്ധിച്ച ചർച്ച നടത്തി ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭ്യമാക്കിയതായി മിനിട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണ പെർമിറ്റ് - നിയമാനുസൃത ഫീസ് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, അധ്യായം 2-ൽ കേന്ദ്ര സംസ്ഥാന വകുപ്പുകളല്ലാതെ ഏതൊരാളും ഒരു കെട്ടിടം നിർമ്മിക്കുവാനോ പുനർ നിർമ്മിക്കുവാനോ, നിർമ്മാണത്തിൽ മാറ്റം വരുത്താനോ അതിൽ കൂട്ടി ചേർക്കാനോ വിപുലീകരിക്കാനോ ഉദ്ദേശിക്കുന്ന പക്ഷം, ബന്ധപ്പെട്ട ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വേണ്ടി ഈ ചട്ടങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള പ്ലാനുകളുടെയും ഡ്രോയിംഗുകളും സ്റ്റേറ്റുമെന്റുകളും മൂന്ന് പ്രതികളും ഒന്നാം പട്ടികയിൽ കാണിച്ചിട്ടുള്ള ഫീസ് ഒടുക്കിയതും പ്ലാനുകളും ഡ്രോയിംഗുകളും സ്റ്റേറ്റുമെന്റുകളും തയ്യാറാക്കിയ ബിൽഡിംഗ് ഡിസൈനറുടെയോ, എഞ്ചിനീയറുടെയോ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റേയും ഒരു പ്രതിയോടൊപ്പം അനുബന്ധം Aയിലെ ഫോറത്തിൽ രേഖാമൂലം സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷത്തിൽ പഞ്ചായത്തിൽ ലഭ്യമായ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ 20 അപേക്ഷകളിൽ പട്ടിക 1 പ്രകാരമുള്ള 20/-രൂപ അപേക്ഷ ഫീസ് ഈടാക്കിയിട്ടില്ല. ആയതിനെ സംബന്ധിച്ച് നൽകിയ 16.01.2019-ലെ 11/19-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയായി 5 അപേക്ഷകളിൽ 20/-രൂപ ഫീസ് വീതം ഈടാക്കിയിട്ടുണ്ടെന്ന് മറുപടി നൽകി. ഫീസ് ഈടാക്കിയിട്ടില്ലാത്ത അപേക്ഷകളുടെ വിവരങ്ങൾ താഴെ വിവരിക്കുന്നു.

| ക്രമ നം. | അപേക്ഷാ നമ്പർ | തീയതി |
|---|---|---|
| 1 | A3-2128/17 | 05.04.2017 |
| 2 | A3-2265/17 | 15.04.2017 |
| 3 | A3-2652/17 | 06.05.2017 |

| | | |
|---|---|---|
| 4 | 625/17 | 11.10.2017 |
| 5 | 6569/17 | 28.10.2017 |
| 6 | 6564/17 | 27.10.2017 |
| 7 | 6957/17 | 13.11.2017 |
| 8 | 8411/17 | 23.12.2017 |
| 9 | 65/18 | 04.01.2018 |
| 10 | 115/18 | 05.01.2018 |
| 11 | 375/18 | 17.01.2018 |
| 12 | 1041/18 | 17.02.2018 |
| 13 | 1367/18 | 01.03.2018 |
| 14 | 1643/18 | 13.03.2018 |
| 15 | 2024/18 | 27.03.2018 |

മേൽ വിവരിച്ച 15 അപേക്ഷകളിൽ നിന്നും 20/-രൂപ വീതം ഈടാക്കാത്തതിനാൽ 300/-രൂപ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. അപേക്ഷകൾ സ്വീകരിച്ച ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും സെക്രട്ടറിയുടെയും ശ്രദ്ധക്കുറവ് ഇക്കാര്യത്തിൽ സംഭവിച്ചിട്ടുണ്ട്. അനന്തര നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നു.

## 2-3 കെട്ടിട നിർമ്മാണ പെർമിറ്റ്-നിയമാനുസൃതമായ അപേക്ഷകൾ സ്വീകരണക്കണം

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, അദ്ധ്യായം 2-ൽ കെട്ടിട നിർമ്മാണ പെർമിറ്റിന് ഉള്ള അപേക്ഷകൾ അനുബന്ധം A യിലെ ഫോറത്തിൽ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2017-18-ൽ സ്വീകരിച്ച 298 പെർമിറ്റ്/ക്രമവത്ക്കരണ അപേക്ഷകൾ ഒന്നും തന്നെ അനുബന്ധം Aയിലെ ഫോറത്തിലുള്ള അപേക്ഷകൾ അല്ല. പഞ്ചായത്തിന്റെ പേരിൽ ഫാറം 2 എന്ന രീതിയിൽ പ്രിന്റ് ചെയ്ത അപേക്ഷകളാണ് സ്വീകരിച്ചിരിക്കുന്നത്. കൂടാതെ ഫാറം 2-ന്റെ ഫോട്ടോ കോപ്പിയും അപേക്ഷയായി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും അനുബന്ധം A പ്രകാരമുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ 250 എണ്ണം വാങ്ങി 25.07.2017-ൽ സ്റ്റോക്കിൽ എടുത്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനെ സംബന്ധിച്ച് 17.01.2019-ൽ 14/18 നമ്പറായി നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി 250 അപേക്ഷകളിൽ 26എണ്ണം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. നിയമാനുസൃതമല്ലാത്ത അപേക്ഷാ ഫാറങ്ങളിൽ തുടർനടപടികൾ സ്വീകരിച്ചത് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും സെക്രട്ടറിയുടെയും ശ്രദ്ധക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-4 കരാർ സ്ഥാപിക്കുന്നതിന് ചട്ട പ്രകാരമുള്ള സമയപരിധി പാലിച്ചില്ല

സ.ഉ.(പി) 13/2012/പി.ഡബ്ല്യൂ.ഡി. തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ ഭരണസമിതി അംഗീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകേണ്ടതും, സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനകം കരാർ വയ്ക്കേണ്ടതുമാണ്. തുടർന്ന്

10 ദിവസം വരെ പി.എ.സി. യുടെ 1% പിഴ ഒടുക്കി കരാർ വയ്ക്കാൻ അനുവദിക്കാവുന്നതും, വീഴ്ച വരുത്തുന്ന പക്ഷം കരാർ റദ്ദു ചെയ്തു തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, കരാറുകാരൻ പ്രസ്തുത സമയപരിധി പാലിക്കാതിരുന്നിട്ടും പിഴ ഈടാക്കാതെ കരാർ സ്ഥാപിക്കാൻ അനുവദിച്ചു. ഉദാഹരണങ്ങൾ ചുവടെ.

| പ്രോ. നം | പ്രോജക്ടിന്റെ പേര് | പി.എ.സി. | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 112/18 | ആനക്കുന്ന് പുതുവൽ വിളാകം നടപ്പാത കോൺക്രീറ്റിംഗ് | 99856 | കൃഷ്ണൻ കുട്ടി എ | 26.08.2017 | 20.09.2017 | 998 |
| 107/18 | നെടിയാംകോട് വട്ടക്കുളം പൊതുവഴി കോൺക്രീറ്റ് | 199867 | സി. സുരേന്ദ്രൻ നായർ | 26.08.2017 | 20.09.2017 | 1999 |
| 87/18 | പനവിളാകം കീഴതിൽ നടപ്പാത കോൺക്രീറ്റ് | 324742 | മനോഹരൻ | 26.08.2017 | 15.09.2017 | 3247 |
| 116/18 | മുതക്കോട്ടുകോണം വാറുതട്ട് പൊതുവഴികൾ ഇന്റർലോക്ക് | 399821 | എൻ. മണികണ്ഠൻ | 26.08.2017 | 14.09.2017 | 3998 |
| 90/18 | ഈറ്റച്ചേരിചെറിയപുന്നക്കാവ് നടപ്പാത കോൺക്രീറ്റിംഗ് | 399778 | പി.കെ. സതികുമാർ | 26.08.2017 | 14.09.2017 | 3998 |
| 125/18 | ഉദിയൻകുളങ്ങര ഉണ്ടുവിള നടപ്പാത കോൺക്രീറ്റിംഗ് | 99960 | കൃഷ്ണൻ കുട്ടി എ. | 26.08.2017 | 20.09.2017 | 1000 |
| 155/18 | മണ്ണാംകുളം കട്ടക്കരുവിള നടപ്പാത റീകോൺക്രീറ്റിംഗ് | 199994 | കൃഷ്ണൻ കുട്ടി എ. | 26.08.2017 | 20.09.2017 | 2000 |
| 162/18 | വലിയവിള കോയിക്കൽവിളാകം നടപ്പാത കോൺക്രീറ്റിംഗ് | 99745 | എൻ. മണികണ്ഠൻ | 26.08.2017 | 14.09.2017 | 997 |

പിഴ ഈടാക്കാതെ കരാർ സ്ഥാപിക്കുന്നതിനു അനുമതി നൽകാനുണ്ടായ കാരണം അന്വേഷിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം 22/18.01.2019)നോട്ടീസ് തീയതിയെ തുടർന്ന് തുടർച്ചയായി അവധി ദിവസങ്ങൾ വന്നതിനാൽ ഭരണ സമിതിയുടെ നിർദ്ദേശപ്രകാരം കൂടിയാണ് കരാർ ചമയ്ക്കുന്നതിനുള്ള കാലാവധി നീട്ടി നൽകിയത് എന്ന് മറുപടി നൽകി. എന്നാൽ ഇതിനായുള്ള തീരുമാനങ്ങൾ ലഭ്യമാക്കിയില്ല. കരാറുകൾ ചമയ്ക്കുന്നതിനും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട സമയപരിധി പാലിക്കേണ്ടതും, വീഴ്ച വരുത്തുന്നപക്ഷം പിഴ ഈടാക്കുവാനും, സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-5 ഇ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ

<u>ചെയ്തിട്ടില്ല.</u>

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ 5 പ്രവൃത്തികൾക്കും, 2017- 18 സാമ്പത്തിക വർഷത്തിൽ 3 പ്രവൃത്തികൾക്കും ഇ ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ 27,640/- രൂപ ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുണ്ട്. (ഓഡിറ്റ് അന്വേഷണം നം.9/14.01.2019 നുള്ള മറുപടി). വിശദമായ വിവരം ചുവടെ.

| ക്രമ നം | പദ്ധതി വർഷം | പ്രോ. നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ടെണ്ടർ ഫോറവില | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|---|---|
| 1 | 2016-17 | 56/18 | ആയുർവേദ ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കൽ | 502503 | 1400 | 2 | 2800 |
| 2 | 2016-17 | 104/18 | പരുത്തിവിള 17-ാം നമ്പർ അംഗൻവാടി നിർമ്മാണം | 808000 | 1616 | 0 | 0 |
| 3 | 2016-17 | 105/18 | പനയമൂല 2 നമ്പർ അംഗൻവാടി നിർമ്മാണം | 808000 | 1616 | 3 | 4848 |
| 4 | 2016-17 | 106/18 | ദേവേശ്വരം 11 നമ്പർ അംഗൻവാടി നിർമ്മാണം | 808000 | 1616 | 2 | 3232 |
| 5 | 2016-17 | 130/18 | ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം രണ്ടാംഘട്ടം | 1069721 | 2500 | 3 | 7500 |
| 6 | 2017-18 | 167/18 | കമ്മ്യൂണിറ്റി ഹാളിനു അനുബന്ധ സൗകര്യങ്ങൾ | 700000 | 1400 | 2 | 2800 |
| 7 | 2017-18 | 171/18 | മാലിന്യ സംസ്കരണ ഷെഡ് നിർമ്മാണം | 600000 | 1200 | 2 | 2400 |
| 8 | 2017-18 | 190/18 | തച്ചംവിള കാട നടപ്പാത നിർമ്മാണം (സ്ലാബിടൽ) | 902800 | 2030 | 2 | 4060 |
| | ആകെ | | | | | | **27640** |

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വർക്കേഴ്സ് വെൽഫയർ ഫണ്ടായി ഈടാക്കി ഒടുക്കിയ തുകക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ ബിൽഡിംഗ് ആന്റ് അതർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി ഈടാക്കാവുന്നതാണ്. എന്നാൽ, പ്രവൃത്തി ബില്ലുകളിൽ നിന്നും ഗ്രാമപഞ്ചായത്ത് മേൽ പ്രകാരമുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. പ്രവൃത്തി ബില്ലുകളിൽ നിന്നും കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്ത് ഒടുക്കുന്ന തുകയ്ക്ക് കൃത്യമായി കളക്ഷൻ ചാർജ്ജ് ഈടാക്കി തനതു അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുൻ വർഷ പദ്ധതി പ്രകാരം വാങ്ങി സ്ഥാപിച്ച ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമല്ല

ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക പദ്ധതികളിലുൾപ്പെടുത്തി വാങ്ങിയിട്ടുള്ള ടച്ച് സ്ക്രീൻ ഗ്രാമപഞ്ചായത്തു കാര്യാലയത്തിൽ പ്രവർത്തനരഹിതമായി സൂക്ഷിച്ചിരിക്കുന്നു. ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമല്ലാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 35/21.01.2019) സാങ്കേതിക തകരാറുകൾ കാരണം ടച്ച് സ്ക്രീൻ കെൽട്രോൺ മുഖാന്തിരം റിപ്പയർ ചെയ്തിരുന്നതായും, എന്നാൽ വീണ്ടും ഇത് പ്രവർത്തനരഹിതമായതിനാൽ റിപ്പയർ ചെയ്യുന്നതിന് കെൽട്രോണിന് കത്ത് നൽകിയതായും മറുപടി ലഭ്യമാക്കി. എന്നാൽ ഇതു സംബന്ധിച്ച ഫയൽ ലഭ്യമായില്ല. ഉപകരണം അടിയന്തിരമായി പ്രവർത്തന ക്ഷമമാക്കി പദ്ധതിയുടെ ലക്ഷ്യം പൂർത്തീകരിക്കേണ്ടതും, പൊതുജനങ്ങൾക്കു ഉപയോഗപ്രദമാക്കേണ്ടതുമാണ്.

## 3-2 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളും, നിർവഹിച്ച പ്രവൃത്തികളും തമ്മിൽ പ്രകടമായ വ്യത്യാസം വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

155/18, മണ്ണാംകുളം കടുക്കറ വിള നടപ്പാത റീകോൺക്രീറ്റിംഗ് പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 163.5m നീളം x 2.5m വീതിയിൽ നടപ്പാത റീകോൺക്രീറ്റിംഗ് ചെയ്യുവാനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം 162m നീളത്തിൽ നടപ്പാതക്കു പുറമേ 12m നീളത്തിൽ സംരക്ഷണഭിത്തിയും നിർമ്മിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വിഭിന്നമായി പ്രവൃത്തി നിർവഹിക്കുവാനുണ്ടായ സാഹചര്യം അന്വേഷിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 31/21.01.2019) റോഡ് ഇടിയുന്നത് തടയുവാനാണ് സംരക്ഷണഭിത്തി നിർമ്മിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

41/18, അകരത്തുവിള നടപ്പാത കോൺക്രീറ്റിംഗ് പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 68m നീളം x 1.5m വീതിയിൽ നടപ്പാത കോൺക്രീറ്റിംഗ് ചെയ്യുവാനാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം 7m നീളത്തിൽ സംരക്ഷണഭിത്തിയും, 116.2m നീളത്തിൽ നടപ്പാത നിർമ്മാണവും നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വിഭിന്നമായി പ്രവൃത്തി നിർവഹിക്കുവാനുണ്ടായ സാഹചര്യം അന്വേഷിച്ചതിൽ (ഓഡിറ്റ് അന്വേഷണം നം. 24/18.01.2019) എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയതിൽ നീളം തെറ്റായി രേഖപ്പെടുത്തിയതാണെന്നും, 13m നീളത്തിൽ സംരക്ഷണഭിത്തി നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 7m നീളത്തിൽ മാത്രം സംരക്ഷണഭിത്തി നിർമ്മിക്കേണ്ടി വന്നതിനാൽ തുക നഷ്ടം വരാതിരിക്കുവാനാണ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതിയോടെ അധികനീളത്തിൽ നടപ്പാത കോൺക്രീറ്റിംഗ് ചെയ്തതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

ആവശ്യമായ സ്ഥലപരിശോധന നടത്താതെ തയ്യാറാക്കുന്നതിനാലാണ് എസ്റ്റിമേറ്റ് റിപ്പോർട്ടുകളും, എസ്റ്റിമേറ്റുകളും, നിർവഹിക്കുന്ന പ്രവൃത്തികളും ഇത്തരത്തിൽ വ്യത്യാസപ്പെടുന്നത്. തുകവിനിയോഗത്തിൽ മാത്രം ശ്രദ്ധിക്കാതെ, പൊതുജനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്ഥലപരിശോധന നടത്തി മാത്രം എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാനും പദ്ധതി തുകയുടെ വിനിയോഗം കാര്യക്ഷമമാക്കുവാനും ശ്രദ്ധിക്കേണ്ടതുമാണ്. വികസനകാര്യ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-3 ഗുണഭോക്തൃ സമിതി മുഖാന്തിരം നിർവഹിച്ച പ്രവൃത്തികളിലെ അപാകങ്ങൾ

ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹണം നടത്തിയിട്ടുള്ള പ്രവൃത്തികളുടെ വരവ് ചെലവ് കണക്കുകൾ സമിതി അംഗീകരിച്ചിട്ടില്ല. കൺവീനറെയും, ചെയർമാനെയും തെരഞ്ഞെടുത്തതല്ലാതെ പ്രവൃത്തികളുടെ നിർവഹണത്തിലും, വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും, ബന്ധപ്പെട്ട രേഖകളും വൗച്ചറുകളും സൂക്ഷിക്കുന്നതിലും സമിതി ഇടപെട്ടിട്ടില്ല.

സർക്കുലർ നം. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തികൾ നിർവഹിക്കുമ്പോൾ സമിതിക്കുണ്ടാകുന്ന യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതാണ് അനുവദിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്ത് വിവിധ പ്രവൃത്തികൾക്ക് ഗുണഭോക്തൃസമിതി ക്കുണ്ടായ ചെലവ് രേഖകൾ ഇല്ലാതെ തന്നെ ബിൽ തുക അനുവദിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോ. നം | പ്രോജക്ടിന്റെ പേര് | കൺവീനർ | ബിൽ നം., തീയതി | ചെലവ് തുക | ലഭ്യമായ വൗച്ചറുകളിലെ തുക |
|---|---|---|---|---|---|---|
| 1 | 51/18 | ബഡ്സ് സ്കൂളിനു അടിസ്ഥാന സൗകര്യമൊരുക്കൽ രണ്ടാംഘട്ടം | ഷീല.എൽ. | 21/17-18, 10.08.2017 | 165242 | 32226 |
| 2 | 31/18 | പഞ്ചായത്ത് ഗ്രന്ഥശാല നവീകരണം | പ്രദീപ് | 30/17-18, 23.09.2017 | 83895 | വൗച്ചറുകൾ ഹാജരാക്കിയില്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | 23/18 | പഞ്ചായത്ത് ഓഫീസിൽ ലേഡീസ് ഫ്രണ്ട് ലി ടോയ്ലറ്റ് നിർമ്മാണം | സുധർമ്മ | 18/17-18, 03.08.2017 | 81826 | 5690 |
| 4 | 27/18 | മേക്കൊല്ല അംഗൻവാടി കെട്ടിടം പൂർത്തീകരിക്കൽ | ഓമന ജെ. | 17/17-18, 03.08.2017 - 27210<br>20/17-18, 18.08.2017 - 275000 | 302210 | 10262 |
| 5 | 32/18 | പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് നവീകരണം | റ്റി. ജോർജ്ജ് | 28/17-18, 13.09.2017 | 97732 | 11064 |
| 6 | 41/18 | അകരത്തുവിള നടപ്പാത കോൺക്രീറ്റ് | സുകുമാരൻ | 01/17-18, 12.06.2017 | 160372 | വൗച്ചറുകൾ ഹാജരാക്കിയില്ല |
| 7 | 37/18 | വാര്യംകുഴി വാഴുപ്പാട്ട് നടപ്പാത കോൺക്രീറ്റ് | സതീഷ് കുമാർ | 19/17-18, 10.08.2017 | 277684 | വൗച്ചറുകൾ ഹാജരാക്കിയില്ല |
| 8 | 53/18 | കോളേജ് റോഡ് മുതൽ കണ്ണറത്തല വരെ നടപ്പാത കോൺക്രീറ്റ് | രാജേഷ് കുമാർ | 5/17-18, 21.06.2017 | 87588 | വൗച്ചറുകൾ ഹാജരാക്കിയില്ല |
| 9 | 48/18 | കുഴിവിള നടപ്പാത കോൺക്രീറ്റ് | സീനു. ആർ. എസ്. | 3/17-18, 21.06.2017 | 165783 | വൗച്ചറുകൾ ഹാജരാക്കിയില്ല |
| ആകെ | | | | | | |

ലഭ്യമാക്കിയ ചെലവു വൗച്ചറുകളില്ലും അധികമായി ചെലവു ചെയ്യുവാനുണ്ടായ സാഹചര്യം അന്വേഷിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/17.01.2019) വൗച്ചറുകൾ പ്രത്യേകം സൂക്ഷിച്ചിരുന്നതായും, ഓഫീസ് നവീകരണത്തിന്റെ ഭാഗമായി രേഖകൾ മാറ്റി സൂക്ഷിച്ചിരുന്നതായും, ഇവ കണ്ടെത്തി ബന്ധപ്പെട്ട ഫയലുകളിൽ ഉൾപ്പെടുത്തുന്നതായും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി തൃപ്തികരമല്ല. രേഖകളും ഫയലുകളും യഥാവിധി സൂക്ഷിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതും നിർവഹണാധികാരിയുടെ ഉത്തരവാദിത്തമാണ്.

ഗുണഭോക്തൃ സമിതി നിർവഹിക്കുന്ന പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പുവരുത്തുന്നതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ പുലർത്തിയില്ലെന്ന് വിലയിരുത്തുന്നു. ഗുണഭോക്തൃസമിതി മുഖാന്തിരം പദ്ധതികൾ നിർവഹിക്കുമ്പോൾ ആവശ്യമായ രേഖകൾ എല്ലാം ഫയലിൽസൂക്ഷിച്ച ശേഷം മാത്രം ബിൽ തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ടെണ്ടർ സേവിംഗ്സ്

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ 2 പ്രവൃത്തികൾക്ക് ഇ ടെണ്ടർ നടപടികളും, 40 പ്രവൃത്തികൾക്ക് ടെണ്ടർ (മാന്വൽ) നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളിൽ നിന്നു ലഭിച്ച ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | എണ്ണം | ആകെ അടങ്കൽ | ആകെ ടെണ്ടർ സേവിംഗ്സ് | സേവിംഗ്സ് (%) |
|---|---|---|---|---|
| ടെണ്ടർ (മാന്വൽ) | 40 | 9985864 | 338874 | 3.39 |
| ഇ ടെണ്ടർ | 2 | 1602800 | 198056 | 12.36 |

മാന്വൽ ടെണ്ടറുകളിൽ നിന്നും അടങ്കൽ തുകയുടെ 3.39% രൂപ മാത്രം സേവിംഗ്സ് ലഭിച്ചപ്പോൾ ഇ ടെണ്ടറുകളിൽ നിന്നും 12.36% ന്റെ സേവിംഗ്സ് ലഭിക്കുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് മറ്റു പ്രവൃത്തികൾ നിർവഹിക്കുവാൻ സാധിക്കും. ഇ ടെണ്ടർ നടപടികൾ കാര്യക്ഷമമായ ധനവിനിയോഗത്തിന് സഹായകരമാകയാൽ പ്രസ്തുത വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 ടെണ്ടർ കിഴിവ് കുറയ്ക്കാതെ ബിൽ തുക അനുവദിച്ചു.

വിവിധ കരാർ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാർ പ്രകാരമുള്ള ടെണ്ടർ കിഴിവ് കുറയ്ക്കാതെ ബിൽതുക അനുവദിച്ചതിനാൽ അധികചെലവ് ഉണ്ടായി.

വിശദവിവരം ചുവടെ.

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ | ഈടാക്കേണ്ട ടെണ്ടർ കിഴിവ് (%) | ബിൽ നം., തീയതി | ബിൽ തുക | അനുവദിക്കേണ്ട തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|
| 90/18 | ഈറ്റച്ചേരി ചെറിയ പുന്നക്കാവ് നടപ്പാത കോൺക്രീറ്റിംഗ് | സതികുമാർ പി.കെ. | 0.2% | 42/17-18, 23.01.2018 | 399778 | 398978 | 800 |
| 88/18 | പാങ്കോട്ടുകോണം തോപ്പുവിളാകം നടപ്പാത കോൺക്രീറ്റിംഗ് | ശ്രീകണ്ഠൻ നായർ | 0.4% | 35/17-18, 06.01.2018 | 149933 | 149333 | 600 |
| 89/18 | പനവിളാകം കാവുവിള ചാനൽ ബണ്ട് നടപ്പാത കോൺക്രീറ്റിംഗ് | സതികുമാർ പി.കെ. | 0.1% | 43/17-18, 11.01.2018 | 399868 | 399468 | 400 |

മേൽ അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 24/18.01.2019, 31/21.01.2019) കരാറുകാരിൽ നിന്നും തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. പദ്ധതി തുകയുടെ വിനിയോഗത്തിലുണ്ടായ അധിക ചെലവ് ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പദ്ധതി വിഹിതത്തിൽ തിരികെ ഒടുക്കേണ്ടതാണ്.

## 3-6 പ്രവൃത്തി ബില്ലുകളിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ്

വിവിധ പ്രവൃത്തികൾക്കു തുക അനുവദിച്ചപ്പോൾ പ്രവൃത്തിയുടെ മൂല്യത്തിന് ആനുപാതികമായ നിരക്കിൽ ക്ഷേമനിധി വിഹിതം ഈടാക്കാത്തതായി കാണുന്നു. വിശദവിവരം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

നികുതികൾ നിശ്ചയിക്കപ്പെട്ട നിരക്കിൽ തന്നെ ഈടാക്കി ബന്ധപ്പെട്ട ഹെഡുകളിൽ ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. അപാകത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ടാർ ചെയ്ത വിസ്തീർണ്ണത്തിലും അധികമായി WMM ചെയ്തു. അധികചെലവ്

ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ടാർ ചെയ്ത വിസ്തീർണ്ണത്തിലും അധികമായി WMM ചെയ്തിട്ടുണ്ട്.

| പ്രോ. നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ നം. തീയതി | WMM അളവ് | ടാർ ചെയ്ത വിസ്തീർണ്ണം | WMM അധിക അളവ് | അധിക ചെലവ് |
|---|---|---|---|---|---|---|---|
| 50/18 | ആമോട്ടുകോണം ക്ഷേത്ര റോഡ് ടാറിംഗ് രണ്ടാം ഘട്ടം | 94701 | 10/17-18, 19.07.2017 | $12.812m^3$ ($12.812/.15 = 85.4m^2$) | $82.925m^2$ | $0.371m^3$ ((85.4-82.925) x.15) | .371x 2913.86 =1081 |
| 21/18 | നട്ടുക്കൊല്ല ആമോട്ടുകോണം ക്ഷേത്ര റോഡ് ടാറിംഗ് | 476883 | 9/17-18, 19.07.2017 | $99.639m^3$ ($99.639/.15 =664.26m^2$) | $643.93m^2$ | $3.05m^3$ ((664.26-643.93) x.15) | 3.05x 2913.86 =8887 |
| ആകെ | | | | | | | **9968** |

ടാർ ചെയ്യേണ്ട വിസ്തീർണ്ണത്തിലും അധികമായി WMM ചെയ്യേണ്ടി വന്നതിന്റെ ആവശ്യകത അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 31/21.01.2019) വശങ്ങൾക്ക് പ്രൊട്ടക്ഷൻ കിട്ടുന്നതിനാണ് WMM കൂടുതൽ വീതിയിൽ ചെയ്തതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. അധികചെലവായതുക 9,968/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-8 ലൈഫ് മിഷൻ പ്രവർത്തനങ്ങൾ - മാർഗ്ഗരേഖ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

പ്രോജക്ട് നം.എസ്‌ഒ **143/18-**ലൈഫ് മിഷൻ - ഭവന പുനരുദ്ധാരണം**(SCP)**

അടങ്കൽ : 24,00,000 രൂപ (വികസന ഫണ്ട്-SCP)

ചെലവ് : 22,50,000 രൂപ

ഗ്രാമപഞ്ചായത്തിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനായി പട്ടികജാതിയിൽ പെട്ട 16 ഗുണഭോക്താക്കൾക്ക് 1,50,000/- രൂപ വീതം ധനസഹായം നൽകാൻ വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്.

പദ്ധതി മാർഗരേഖ (29.03.2017 ലെ സ.ഉ(എംഎസ്) 72/2017/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക 12.6 (2)ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ പ്രോജക്ടുകൾ, സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള "സമ്പൂർണ്ണ സുരക്ഷാ പാർപ്പിട പദ്ധതി" (LIFE)യുടെ മാർഗരേഖ പാലിച്ച് വേണം തയ്യാറാക്കേണ്ടതെന്നും ഖണ്ഡിക 12.6(3ii)ൽ ജനകീയാസൂത്രണം മുതൽ വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് വീട് പൂർത്തിയാക്കുന്നതിന് ധനസഹായം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് ആസൂത്രണസമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും രൂപീകരിച്ച് വികസനരേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് 09.01.2017 ന് പുറപ്പെടുവിച്ച സ.ഉ(എംഎസ്)10/2017 /ത.സ്വ.ഭ.വയിലെ 2.4-ാം ഖണ്ഡികയിലെ 12-ാം ഉപഖണ്ഡികയിൽ വർക്കിങ്ങ് ഗ്രൂപ്പുകളുടെ ചുമതലകളിലൊന്നായി 'സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിതകേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്നീ വികസനദൗത്യങ്ങളുമായി പ്രാദേശിക പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക' എന്നത് നൽകിയിട്ടുണ്ട്.

2017-18 പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് നടന്ന വികസനസെമിനാറിന്റെ ഭാഗമായുള്ള SC വികസനം വർക്കിങ്ങ് ഗ്രൂപ്പ് യോഗം 24.05.2017 ന് ചർച്ച ചെയ്ത പദ്ധതി നിർദ്ദേശങ്ങളിൽ ക്രമനം.1 ആയി "ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി വീട് മെയിന്റനൻസ് നടപ്പിലാക്കുക" എന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 09.01.2017ന് പുറപ്പെടുവിച്ച സ.ഉ(എംഎസ്)10/2017/തസ്വഭവ യിലെ 2.4-ാം ഖണ്ഡികയിലെ 12-ാം ഉപഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ലയെന്ന് വർക്കിങ്ങ് ഗ്രൂപ്പിന്റെ മിനിട്സ്, പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ എന്നിവയുടെ പരിശോധനയിൽ നിന്നും വ്യക്തമാക്കിയിട്ടുണ്ട്.

16.05.2017 ലെ തീരുമാനം II പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച 2017-18 ലെ പ്രോജക്ടുകളിൽ 19-ാം നമ്പരായി ലൈഫ് മിഷൻ - ഭവന പുനരുദ്ധാരണം ചേർത്തിട്ടുണ്ട്. മാത്രമല്ല, 05.06.2017 ന് നടന്ന അടിയന്തിര യോഗത്തിൽ തീരുമാനം I(1) പ്രകാരം ഭരണസമിതി അംഗീകരിച്ച 2017-18 ലെ പദ്ധതികളിലും (163-ാം നമ്പർ) 09.06.2017 ലെ PLG/500/2017/18/DPC/DPO/TVPM തീരുമാനം പ്രകാരം ലഭിച്ച ആസൂത്രണ സമിതി അംഗീകാരത്തിലും 'ലൈഫ് മിഷൻ - ഭവന പുനരുദ്ധാരണം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ, പദ്ധതി മാർഗരേഖ (29.03.2017 ലെ സ.ഉ(എംഎസ്) 72/2017/തസ്വഭവ) യിലെ ഖണ്ഡിക 12.6(2) പ്രകാരമുള്ള നിർദ്ദേശം പ്രോജക്ട് രൂപീകരണ വേളയിൽ പാലിച്ചിട്ടില്ല. പ്രോജക്ട് നം.143/18 ൽ സബ്സിഡി മാർഗരേഖ (03.04.2017 ലെ സ.ഉ(എംഎസ്) 80/2017/തസ്വഭവ യിലെ ഖണ്ഡിക 8.6ൽ (വീട്/ വീട് പുനരുദ്ധാരണം/ വീട് വയറിംഗ്) ചേർത്തിട്ടുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഖണ്ഡിക 8.6 ന് ചുവടെ ചേർത്തിട്ടുള്ള കുറിപ്പ് 1ൽ 'ലൈഫ് മിഷന്റെ ധനസഹായം സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണം ഉൾപ്പെടെയുള്ളവയുടെ കാര്യത്തിൽ മാറ്റങ്ങൾ വരുന്നതാണെന്നും നിലവിൽ തദ്ദേശഭരണസ്ഥാപനങ്ങൾ അവരുടെ വികസനഫണ്ടിൽ കഴിയുന്നത്ര തുക മാറ്റിവെച്ച് പ്രോജക്ട് തയ്യാറാക്കേണ്ടതും പിന്നീട് അത് ഭേദഗതി ചെയ്യാവുന്നതുമാണ് 'എന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും LIFE നെ സംബന്ധിച്ച് 31.07.2017 ലെ സ.ഉ(എംഎസ്) 151/2017/തസ്വഭവ (മാർഗരേഖ), 11.10.2017 ലെ സ.ഉ(എംഎസ്) 196/2017/തസ്വഭവ (മാർഗനിർദേശങ്ങൾ), 23.11.2017 ലെ സർക്കുലർ നം. 326/DB-1/2017/തസ്വഭവ (ഫണ്ട് വകയിരുത്തലും നിർവ്വഹണവും) എന്നിവയിലെ നിർദ്ദേശങ്ങളൊന്നും തന്നെ പാലിച്ചിട്ടില്ലാത്തതിനാൽ 2017-18 ൽ LIFE മിഷനുമായി ബന്ധപ്പെട്ട് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ പരാജയമാണെന്ന് വിലയിരുത്തുന്നു.

## 3-9 പദ്ധതി രൂപീകരണത്തിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്ന 16 പദ്ധതികളിൽ 8 എണ്ണം മാത്രമാണ് നടപ്പാക്കിയത്. നിർവഹണം നടക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | നടപ്പാക്കാത്തതിന് കാരണം (*) |
|---|---|---|---|
| 1 | 61 | വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കൽ(ആശ്രയ) | ഗുണഭോക്തൃലിസ്റ്റ് സമയബന്ധിതമായി ലഭ്യമാക്കിയില്ല. |
| 2 | 101 | കുടിവെള്ളപദ്ധതികളിൽ നിന്നും ഹൗസ് കണക്ഷൻ നൽകൽ | ഗുണഭോക്തൃലിസ്റ്റ് സമയബന്ധിതമായി ലഭ്യമാക്കിയില്ല. |
| 3 | 151 | പട്ടികജാതി വനിത തൊഴിൽ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ | സ്പിൽ ഓവറായി തുടരുന്നു |
| 4 | 79 | പ്ലാസ്റ്റിക് ഇതര ക്യാരി ബാഗ് യൂണിറ്റ്(ജനറൽ) | അർഹതയുള്ള ഗ്രൂപ്പുകൾ കരാർ വച്ചിട്ടില്ല. |
| 5 | 81 | പ്ലാസ്റ്റിക് ഇതര ക്യാരി ബാഗ് യൂണിറ്റ്(പട്ടികജാതി) | അർഹതയുള്ള ഗ്രൂപ്പുകൾ കരാർ വച്ചിട്ടില്ല. |
| 6 | 126 | ശുചിത്വഗ്രാമം(ഹരിതകേരളം) | ഗുണഭോക്തൃവിഹിതം അടച്ചിട്ടില്ല. |
| 7 | 130 | സംരംഭകക്ലബ് രൂപീകരണം | സ്പിൽ ഓവറായി തുടരുന്നു |
| 8 | 144 | ഹരിതമിത്രം സ്വയംതൊഴിൽഗ്രൂപ്പ് സംരംഭം | അർഹതയുള്ള ഗ്രൂപ്പുകൾ കരാർ വച്ചിട്ടില്ല. |

(* ഓഡിറ്റ് എൻക്വയറിക്ക് VEO ലഭ്യമാക്കിയ മറുപടി പ്രകാരം)

പദ്ധതി മാർഗരേഖ [29.03.2017 ലെ ജി.ഒ(എംഎസ്) നം.72/2017/തസ്വഭവ] യിലെ 5.7 -ാം ഖണ്ഡികയിൽ ഓരോ സ്റ്റാന്റിങ്ങ് കമ്മിറ്റിയും വർക്കിങ്ങ് ഗ്രൂപ്പുകളെ കൊണ്ട് വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതാണെന്നും ഓരോ പ്രോജക്റ്റിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ വർക്കിങ്ങ് ഗ്രൂപ്പുകൾ ചർച്ച് ചെയ്ത് ഉറപ്പ് വരുത്തണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ, മേൽ സൂചിപ്പിച്ച 3 മുതൽ 8 വരെയുള്ള പ്രോജക്റ്റുകളിൽ, വർക്കിങ്ങ് ഗ്രൂപ്പുകളുടെ ഭാഗത്തു നിന്നോ ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ ഭാഗത്തു നിന്നോ ഇത്തരം ഉറപ്പാക്കൽ ഉണ്ടായിട്ടില്ല എന്ന് മിനുട്ട്സുകളുടെ പരിശോധനയിൽ വ്യക്തമായി. വരുംവർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളിൽ മേൽ വിവരിച്ച പ്രകാരമുള്ള വിഷയങ്ങൾ വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച് ചെയ്ത് ഉറപ്പ് വരുത്തുകയും ആയത് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റി വിലയിരുത്തുകയും ചെയ്യുന്നത് പദ്ധതി നിർവഹണം വിജയകരമാക്കാൻ സഹായിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-10 പൂർത്തീകരണപത്രം തയ്യാറാക്കിയിട്ടില്ല

പദ്ധതി മാർഗരേഖ (29.03.2017 ലെ സ.ഉ(എംഎസ്) 72/2017/തസ്വഭവ യിലെ ഖണ്ഡിക 14.8-ൽ

ഇപ്രകാരം വിശദീകരിക്കുന്നു.

"പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഒരു പൂർത്തീകരണപത്രം തയ്യാറാക്കണം. പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും പൂർത്തീകരണ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തണം. പൂർത്തീകരണപത്രം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും നിർബന്ധമായും തയ്യാറാക്കണം. നിർവഹണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വിഷയമേഖലാടിസ്ഥാനത്തിലും തദ്ദേശസ്ഥാപനാടിസ്ഥാനത്തിലും ക്രോഡീകരിച്ച് സാമ്പത്തിക വർഷാവസാനം പദ്ധതി വിലയിരുത്തൽ നടത്തുവാൻ സഹായകരമായ രേഖയായി ഉപയോഗിക്കാവുന്നതാണ്."

മേൽ സൂചിപ്പിച്ച പ്രകാരമുള്ള പൂർത്തീകരണപത്രങ്ങൾ VEO നിർവഹണം നടത്തിയ പ്രോജക്ട് ഫയലുകളിൽ ഉൾപ്പെടുത്താത്തതിനാൽ ആയത് ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് '2017-18 സാമ്പത്തികവർഷത്തിൽ രൂപീകരിച്ച പദ്ധതികളെല്ലാം സ്പിൽ ഓവറായി തുടരുന്നു' എന്ന മറുപടിയാണ് ലഭ്യമാക്കിയത്. വരുംകാലങ്ങളിൽ മേൽഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരമുള്ള പൂർത്തീകരണപത്രം തയ്യാറാക്കി സൂക്ഷിക്കാൻ നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 യോഗപരിശീലനത്തിന് **14,000** രൂപ അധികമായി നൽകി

| | | |
|---|---|---|
| അടങ്കൽ | : | 1,00,000/- രൂപ (വികസന ഫണ്ട് - പൊതു വിഭാഗം) |
| ചെലവ് | : | 84,720 രൂപ |
| നിർവഹണ ഉദ്യോഗസ്ഥ | : | ഹെഡ്മിസ്ട്രസ്, ഗവ. UPS, മഞ്ചവിളാകം |

പരിശീലകയ്ക്ക് നൽകിയ ഓണറേറിയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം. | തീയതി | തുക (രൂപ) |
|---|---|---|
| 03/2018 | 22.01.2018 | 25,000 |
| 11/2018 | 13.03.2018 | 25,000 |
| 22/2018 | 22.03.2018 | 20,000 |
| ആകെ | | 70,000 രൂപ |

സബ്സിഡി മാർഗരേഖയുടെ ഭേദഗതി ഉത്തരവിൽ [03.10.2017 ലെ ജി.ഒ (ആർ.റ്റി) 3190/17 ൽ യോഗപരിശീലകർക്ക് പ്രതിദിനം 400 രൂപ (പ്രതിമാസം പരമാവധി 12,000 രൂപ) ഓണറേറിയം നല്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. യോഗപരിശീലകയ്ക്ക് 250/-രൂപ പ്രതി മണിക്കൂർ എന്ന നിരക്കിൽ ഓണറേറിയം നൽകി . എന്നാൽ, പരിശീലനം നടത്തിയതിന്റെ വിവരങ്ങൾ (സ്ഥലം, സമയം, വിദ്യാർത്ഥികളുടെ എണ്ണം) ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 28 ന് ഹെഡ്മിസ്ട്രസ് ലഭ്യമാക്കിയ മറുപടിയോടൊപ്പം അറ്റൻഡൻസ് രജിസ്റ്ററിന്റെ തിരുത്തലുകളോടു കൂടിയ പകർപ്പും ഹാജരാക്കി . (അറ്റൻഡൻസ് രജിസ്റ്ററിന്റെ അസ്സൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല). മാത്രമല്ല, അറ്റൻഡൻസ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ ഹെഡ്മിസ്ട്രസ് നൽകിയ മറുപടിയിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പരിശീലനം നടന്ന ദിവസങ്ങൾ (1 ദിവസം 2 മണിക്കൂർ വീതം) | : 140 |
| 1 മണിക്കൂർ പരിശീലനം നൽകിയതിന് 250 രൂപ നിരക്ക്) | |
| ആകെ നൽകിയ ഓണറേറിയം | : 140 x 2 x 250 = 70,000 രൂപ |
| അനുവദനീയമായ ഓണറേറിയം | : 140 x 400 = 56,000 രൂപ |
| അധികം നൽകിയ തുക | : 14,000 രൂപ |

അധികം നൽകിയ 14,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഹാജർ സംബന്ധിച്ച അസ്സൽ രേഖകൾ സമർപ്പിക്കാത്തതിനാൽ ചെലവു തുകയിൽ ശേഷിച്ച തുകയായ 56,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 മുൻവർഷത്തെ പദ്ധതിയിലേതുൾപ്പെടെയുള്ള ആനുകൂല്യ വിതരണം പൂർത്തീകരിച്ചിട്ടില്ല. സൈക്കിളുകൾ ഉപയോഗശൂന്യമാകുന്നു.

| | |
|---|---|
| അടങ്കൽ | : 1,40,000 രൂപ (വികസന ഫണ്ട്-SCP 35,000+ ബ്ലോക്ക് പഞ്ചായത്ത് 1,05,000) |
| ചെലവ് | : 1,04,815 രൂപ |
| നിർവഹണഉദ്യോഗസ്ഥൻ | : ഹെഡ്മിസ്ട്രസ്, ഗവ. UPS, മഞ്ചവിളാകം |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളിലെ 8,9,10 ക്ലാസുകളിലെ SCവിദ്യാർത്ഥികൾക്ക് (35 എണ്ണം) സൈക്കിൾ വിതരണം ചെയ്യാനാണ് പദ്ധതി ലക്ഷ്യം വച്ചത്.

വാങ്ങിയ 35 സൈക്കിളുകളിൽ എത്രയെണ്ണം വിതരണം ചെയ്തുവെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ശേഷിക്കുന്ന സൈക്കിളുകളുടെ നിലവിലെ അവസ്ഥ അറിയുന്നതിനായി അവ സൂക്ഷിച്ചിട്ടുള്ള കൊല്ലയിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ ഓഡിറ്റ് സംഘം സന്ദർശിച്ചു. ആകെ 11 ലേഡീസ് സൈക്കിളുകൾ (3 എണ്ണം- ഹീറോ, 8എണ്ണം- DNS) അവിടെ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു.

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത്പരിധിയിലെ സ്കൂളുകളിലെ 8,9,10 ക്ലാസുകളിലെ SC വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യാൻ ലക്ഷ്യമിട്ട 103/17 (നിർവഹണ ഉദ്യോഗസ്ഥൻ– അസിസ്റ്റന്റ് സെക്രട്ടറി) എന്ന പദ്ധതിയിൽ വാങ്ങിയ 55 സൈക്കിളുകളിൽ 7 എണ്ണം വിതരണം ചെയ്തിരുന്നില്ലയെന്ന് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. അർഹതാ മാനദണ്ഡങ്ങൾ പാലിച്ച് അനുബന്ധരേഖകൾ ഗുണഭോക്താക്കൾ ആരും തന്നെ ഹാജരാക്കാത്തതിനാലാണ് 7 സൈക്കിളുകൾ വിതരണം ചെയ്യാത്തതെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് 21ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ള വിദ്യാർത്ഥികൾക്ക് അറിയിപ്പ് നൽകി, അവർ സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് അർഹത ഉറപ്പ് വരുത്തി സൈക്കിളുകൾ വിതരണം ചെയ്യാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-13 പഠനമുറി നിർമ്മാണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | : എസ്.ഒ 179/18- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം. |
| അടങ്കൽ | : 16,00,000/- രൂപ (വികസന ഫണ്ട് SCP) |
| ചെലവ് | : 8,50,000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ്മിസ്ട്രസ്, ഗവ.യു.പി.എസ്.മഞ്ചവിളാകം |

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനസൗകര്യം ലഭ്യമാക്കാനായി പഠനമുറി നിർമ്മിക്കാൻ 1,00,000/-രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതിയിൽ 6 പേർക്ക് LSGD എഞ്ചിനീയർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുഴുവൻ തുകയും നൽകി. ശേഷിക്കുന്ന 9 പേർക്ക് ആദ്യ ഗഡുവായ 50,000/- രൂപ നൽകിയിട്ടുണ്ട്. ഇപ്രകാരം (6x 100000 + 9x 50000) 5,50,000/- രൂപ ആകെ ചെലവഴിച്ചതിൽ 2,00,000/- രൂപ 2018-19 വർഷം സ്പിൽ ഓവറായാണ് ചെലവഴിച്ചത്. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിനൊപ്പം ചേർക്കാത്തതിനാൽ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമല്ല.

പദ്ധതി മാർഗരേഖയിലെ ഭേദഗതി (GO(Rt) 1683/17/തസ്വഭവ തീയതി.23.05.2017) പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടി അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ചതുരശ്ര അടി അധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതാണ്. പ്രോജക്ട് നം.SO 179/18 ന്റെ അധിക വിവരങ്ങളിൽ LSGD എഞ്ചിനീയർ എസ്റ്റിമേറ്റും മെഷർമെന്റും തയ്യാറാക്കണം എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിസ്തീർണ്ണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്നു വ്യക്തമല്ല. ആയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 30) മറുപടി ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ എന്നിവയുടെ അഭാവത്തിൽ 8,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം.

2017-18ൽ MGNREGS പ്രകാരം 46 പേർക്ക് തൊഴിൽ കാർഡ് നൽകുകയുണ്ടായി. 247 കുടുംബാംഗങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനു മുൻഗണന നൽകിക്കൊണ്ട് നടപ്പാക്കിയ പ്രോജക്ടുകളിൽ ഫലവൃക്ഷതൈകളുടെ ഉല്പാദനവും പരിപാലനവും തോടുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണം, കനാലുകളിൽ ഭൂവസ്ത്രം വിരിച്ച് പുനരുദ്ധാരണം, ഭൂവികസനം എന്നിവ ഉൾപ്പെടുന്നു.

പദ്ധതി നടത്തിപ്പിനായി 4,40,46,362/- രൂപ ലേബർ കംപോണന്റ് ഇനത്തിലും 18,00,395/- രൂപ മെറ്റീരിയൽ കംപോണന്റ് ഇനത്തിലും ചെലവായിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 174 | ഹരിത കേരളം ജൈവ സമൃദ്ധി | 20400 | 20400 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 68 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 238500 | 238500 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 192 | അംഗൻവാടികൾക്ക് ചിൽഡ്രൻസ് പാർക്ക് | 250000 | 250000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 108 | വിദ്യാർത്ഥികൾക്ക് സൈക്കിൾ | 105000 | 104815 | 185 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 104 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 375000 | 0 | 375000 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 111 | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 715000 | 70000 | 645000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 115 | ക്ഷീരകർഷകർക്ക് സബ്സിഡി | 1175000 | 1175000 | 0 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 127 | -ടി-(വനിത) | 350000 | 350000 | 0 |
| ആകെ | | | | 3228900 | 2208715 | 1020185 |
| 9 | ജില്ലാ പഞ്ചായത്ത് | 174 | ഹരിത കേരളം ജൈവ സമൃദ്ധി | 20400 | 20400 | 0 |
| 10 | ജില്ലാ പഞ്ചായത്ത് | 68 | മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 238500 | 238500 | 0 |
| 11 | ജില്ലാ പഞ്ചായത്ത് | 115 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 200000 | 0 |
| 12 | ജില്ലാ പഞ്ചായത്ത് | 127 | -ടി- (വനിത) | 100000 | 100000 | 0 |
| | | | | 558900 | 558900 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 800000 | - | 800000 |

(വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. )

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം.831/2010 ത.സ്വ.ഭ.വ തീയതി 11.03.2010 | 7889000 | 2846652 | 1644300 | | 1202352 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2014-15 | 3-9 | 15000 | ഡോ. ജയന്തി. ആർ.കെ., വെറ്ററിനറി സർജൻ | 11703104490 / 16.03.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-4 | 2007-08 | 3.2.1 | ഭക്ഷ്യധാന്യം കൈപ്പറ്റി ഏറെ നാൾ കഴിഞ്ഞിട്ടും കരിപ്പകാല കുടിവെള്ള പദ്ധതിയുടെ പണികൾ ആരംഭിച്ചിട്ടില്ല | കൺവീനറായ ശ്രീ. ഫെല്ലിവെൽസിന്റെ പക്കൽ നിന്നും തഹസിൽദാരുടെ എ1136/5/ കെ.ജി.പി.ഡി.6/ 64107 നം. റവന്യൂ റിക്കവറി നടപടി പ്രകാരം 24,362/- രൂപ ഈടാക്കിയിട്ടുണ്ട്. രസീത് നം. 115034000028 / 30.03.2016 |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 71132268.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64089741.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 23968.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 906000.00 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-7 | | 9968 | ശ്രീമതി രമ്യ എം., എ.ഇ. |
| 3-11 | | 14000 | ശ്രീമതി വസന്തകുമാരി എൻ.എസ്., എച്ച്.എം. |
| | ആകെ | 23968/- | |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-11 | 56000 | ശ്രീമതി വസന്തകുമാരി എൻ.എസ്., എച്ച്.എം. |
| 3-13 | 850000 | ശ്രീമതി വസന്തകുമാരി എൻ.എസ്., എച്ച്.എം. |
| ആകെ | 906000 | |

**(ഡി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

**(ഇ)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(എഫ്)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/ നഷ്ടപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രമ്യ എം., അസിസ്റ്റന്റ് എഞ്ചിനീയർ | | അർച്ചന, വഞ്ചിക്കോട്, പൊറ്റയിൽ, പെരുംകാവ് |
| ശ്രീമതി വസന്തകുമാരി. എൻ.എസ്., എച്ച്.എം. | | വരമ്പിൽ, വിനായക നഗർ, കൊറ്റാമം, ആറയൂർ (പി.ഓ.) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.2/898/02 തീയതി.11.06.2014 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1684/04 തീയതി.11.06.2014 | 2 | |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 1 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1676/2016 തീയതി. | 6 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*edited BL*

## അനുബന്ധം -1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ **2017-18-**ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം - 3

### പ്രവൃത്തി ബില്ലുകളിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ്

| ക്രമ നം. | പ്രോ. നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ / കൺവീനർ | ബിൽ നം., തീയതി | ചെലവ് തുക / പ്രവൃത്തി മൂല്യം | ക്ഷേമനിധി | |
|---|---|---|---|---|---|---|---|
| | | | | | | ഈടാക്കിയത് | ഈടാക്കേണ്ടത് |
| 1 | 51/18 | ബഡ്സ് സ്കൂളിന് അടിസ്ഥാന സൗകര്യമൊരുക്കൽ രണ്ടാംഘട്ടം | ഷീല എൽ | 21/17-18, 10.08.2017 | 165242 | 1530 | 1652 |
| 2 | 23/18 | പഞ്ചായത്ത് ഓഫീസിൽ ലേഡീസ് ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം | സുധർമ്മ | 18/17-18, 03.08.2017 | 81826 | 758 | 818 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 27/18 | മേക്കൊല്ല അംഗൻവാടി കെട്ടിടം പൂർത്തീകരിക്കൽ | ഓമന ജെ | 17/17-18, 03.08.2017 - 27210<br>20/17-18, 18.08.2017 – 275000 | 302210 | 2799 | 3022 |
| 4 | 32/18 | പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് നവീകരണം | റ്റി. ജോർജ്ജ് | 28/17-18, 13.09.2017 | 97732 | 904 | 977 |
| 5 | 33/18 | പരുത്തിവിള 17-ാംനമ്പർ അംഗൻവാടി നിർമ്മാണം | എൽ. സുധാകരൻ | 12/17-18, 19.07.2017 - 111540 | 743598 | 7015 | 7436 |
| 6 | 36/18 | ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം രണ്ടാംഘട്ടം | മണികണ്ഠൻ | 07/17-18, 27.06.2017- 1064736 | 1004468 | 9477 | 10045 |
| 7 | 41/18 | അകരത്തുവിള നടപ്പാത കോൺക്രീറ്റ് | സുകുമാരൻ വൈ. | 01/17-18, 12.06.2017 | 160372 | 1484 | 1604 |
| 8 | 37/18 | വാര്യംകുഴി വാതുപ്പാട്ട് നടപ്പാത കോൺക്രീറ്റ് | സതീഷ് കുമാർ | 19/17-18, 10.08.2017 | 277684 | 2571 | 2777 |
| 9 | 53/18 | കോളേജ് റോഡ് മുതൽ കണ്ണറത്തല വരെ നടപ്പാത കോൺക്രീറ്റ് | രാജേഷ് കുമാർ | 05/17-18, 21.06.2017 | 87588 | 811 | 876 |
| 10 | 48/18 | കുഴിവിള നടപ്പാത കോൺക്രീറ്റ് | സീനു ആർ.എസ്. | 3/17-18, 21.06.2017 | 165783 | 1535 | 1658 |
| 11 | 38/18 | മണിവിള രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി നവീകരണം | ഓമന ജെ. | 27/17-18, 13.09.2017 | 54782 | 508 | 548 |
| 12 | 49/18 | മുണ്ടോമല കുടിവെള്ള പദ്ധതി പുനരുദ്ധാരണം | ശശി | 16/17-18, 03.08.2017 | 22735 | 210 | 227 |
| 13 | 54/18 | ഇടവിള കാവുവിള കുടിവെള്ള പദ്ധതി (രണ്ടാംഘട്ടം) | ശിവരാജൻ | 25/17-18, 26.08.2017 | 71991 | 667 | 720 |
| 14 | 47/18 | ഞാറലിത്തല വിളാകം പുതുവായ്ക്കോണം റോഡ് പുനരുദ്ധാരണം | രാജേഷ് കുമാർ | 4/17-18, 21.06.2017 | 89939 | 832 | 899 |
| 15 | 52/18 | ചാരുവിളാകം നെൽകൃഷിക്ക് അടിസ്ഥാന സൗകര്യ മൊരുക്കൽ | ശാന്തകുമാർ കെ.എസ്. | 22/17-18, 10.08.2017 | 446426 | 4134 | 4464 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | 50/18 | ആമോട്ടുകോണം ക്ഷേത്ര റോഡ് ടാറിംഗ് രണ്ടാംഘട്ടം | സുനിൽ കുമാർ | 10/17-18, 19.07.2017 | 94701 | 877 | 947 |
| 17 | 22/18 | പൂവത്തൂർ മൊട്ടക്കാവ് റോഡ് റീടാറിംഗ് | അശോക് സി | 24/17-18, 26.08.2017 | 445779 | 4128 | 4458 |
| 18 | 21/18 | നട്ടുക്കൊല്ല ആമോട്ടുകോണം ക്ഷേത്ര റോഡ് റീടാറിംഗ് | സുനിൽ കുമാർ ജി | 09/17-18, 19.07.2017 | 476883 | 4416 | 4769 |
| | ആകെ | | | | **4789739** | **44656** | **47897** |

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ കുറവ് വന്ന തുക = 47897 - 44656 = 3241

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.